## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 945 — 11.03.2015 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര ; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (എ) 31.12.2014 വരെ 3714541 ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>നിരക്ഷരർ — 194<br>എസ്.എസ്.എൽ.സി. ക്കു താഴെ — 400970<br>എസ്.എസ്.എൽ.സി — 2323612<br>പ്രീഡിഗ്രി/+2 — 694202<br>ബിരുദം — 231708<br>ബിരുദാനന്തര ബിരുദം — 63855 |
| (ബി) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾ പാലിയ്ക്കാതെ നേരിട്ട് നിയമനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ബി) ഉണ്ട്.<br>ഇത്തരം സ്ഥാപനങ്ങളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇ .എം.ഐ. പരിശോധന നടത്തി പ്രസ്തുത ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ